## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 74

26.09.2016-ൽ മറുപടിയ്ക്ക്

## തലസ്ഥാന ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>,, വി.എസ്.ശിവകുമാർ<br>,, കെ.എസ്.ശബരീനാഥൻ<br>,, എം. വിൻസെന്റ് | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തലസ്ഥാനത്ത് ലൈറ്റ് മെട്രോ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് 11.09.2015-ലെ ജി.ഒ.(എം.എസ്)നംപർ.74/2015/പി.ഡബ്ല്യൂ.ഡി പ്രകാരം കേരള സർക്കാർ ഭരണാനുമതി നല്കി. കേന്ദ്രസർക്കാരിന്റെ അനുമതിക്കായി പ്രസ്തുത പദ്ധതിയുടെ വിശദരൂപരേഖകളും, മറ്റ് വിശ ദാംശങ്ങളും സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ടി.എൽ) എന്ന പേരിൽ ഒരു സ്പെഷ്യൽ പർപസ് വെഹിക്കിൾ രൂപീകരിച്ചു. പ ദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കുള്ള കൺസൽറ്റന്റായി ഡി.എം.ആർ.സി-യെ നിയമിച്ചു.ലൈറ്റ് മെട്രോ സ്റ്റേഷനുകൾക്കായി തിരുവനന്തപുരത്ത് 1.9893ഹെക്ടറും, കോഴിക്കോട് 1.4474ഹെക്ടറും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി 08.09.2016-ലെ ജി.ഒ.(എം.എസ്) നംപർ.67/2016/പി.ഡബ്ല്യൂ.ഡി പ്രകാരം നൽകി. പ്രാരംഭ നടപടികളുടെ ഭാഗമായി തിരുവനന്തപുരം ലൈറ്റ് മെട്രോ യുടെ നിർദ്ദിഷ്ട പാതയിൽ ഉൾപ്പെടുന്ന ഉള്ളൂർ, പട്ടം, ശ്രീകാര്യം എന്നീ ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനും ഈ പ്രവർത്തിക്കാവശ്യമായ തുക കെ.ഐ.ഐ.എഫ്.ബി വഴി സമാഹരിക്കാനും തീരുമാനിച്ചി ട്ടുണ്ട്. |
| (ബി) | ആയതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടു ണ്ട്. ലൈറ്റ് മെട്രോ പദ്ധതികൊച്ചി മെട്രോ മാതൃകയിൽ |

| | | | |
|---|---|---|---|
| | | | കേന്ദ്ര-സംസ്ഥാസർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പദ്ധതി ചെലവിന്റെ 20% കേരള സർക്കാരും, 20% കേന്ദ്ര സർക്കാരും കണ്ടെത്ത ണമെന്നാണ് ഡി.പി.ആർ-ൽ വിഭാവനം ചെയ്തിരിക്കുന്നത്. 2014 സെപ്റ്റംബറിലെ വില നിലവാരം വച്ച് തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ആകെ അടങ്കൽ തുക 3453 കോടി (കേന്ദ്രനികുതി ഉൾപ്പടെ) രൂപയും, കിലോ മീറ്ററിനു കണക്കാ ക്ക പ്പെട്ട ശരാശരി നിരക്ക് 154.24 കോടി രൂപയുമാണ്. പദ്ധതി പൂർത്തിയാകുമ്പോൾ പ്രതീക്ഷിക്കുന്ന ആകെ ചെലവ് 4219 കോടി രൂപയാണ്. |
| (സി) | ആരെയാണ് ഈ പദ്ധതിയുടെ കൺസൾട്ടൻസിയായി നിശ്ചയിച്ചിട്ടുള്ളത്; | (സി) | പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കുള്ള കൺസൽറ്റന്റായി ഡി.എം.ആർ.സി-യെ നിയമിച്ചി ട്ടുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് എന്തെല്ലാം പ്രാരംഭപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | മുകളിലെ ഉത്തരം (എ)യിൽ വിശദീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ